**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1067** **15-10-2026-ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കുത്തുപറമ്പ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി (കിഫ്ബി, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന ഉൾപ്പെടെ) വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:**

(1) കുത്തുപറമ്പ് മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം മുഖേന നടപ്പിലാക്കി വരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി **അനുബന്ധം - 1** ആയി ചേർക്കുന്നു.

(2) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

**a. എയർപോർട്ട് റോഡ് - 2- പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കുത്തുപറമ്പ് - മട്ടന്നൂർ റോഡ്.**

28.55 കിലോമീറ്റർ നീളവും 24 മീറ്റർ വീതിയിലും വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പ്ര വൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 591. 03 കോടി രൂപയുടെ സാമ്പത്തികാനുമതി -കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 19.02.2024 ന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനം പൂർത്തിയാക്കി സ്ഥലമേറ്റെടുക്കലിന് 11(1) വിജ്ഞാപനം 09.06.2026 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**b. കീഴ്ത്തടം - കല്ലിക്കണ്ടി റോഡ് ബാലൻസ് പ്രവൃത്തി.**

പ്രസ്തുത പ്രവൃത്തിക്ക് 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 37,62,18,405/- രൂപയുടെ സാമ്പത്തികാനുമതിയും 19,65,00,000/- രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ഭാഗമായി കലുങ്കുകളുടെയും, ഓവുചാലുകളുടെയും, പാർശ്വഭിത്തികളുടെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ 90% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. GSB, WMM പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 40 ശതമാനം പുരോഗതി കൈവരിച്ചിട്ടുള്ള മേൽ പ്രവൃത്തി 31.03.2027 നകം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**C. കുത്തുപറമ്പ റിംഗ് റോഡ്**

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ട്രച്ച് 2 - പഴയ നിരത്ത് പുറക്കളം റോഡിൽ 1.7 കി.മീ ഭാഗത്ത് DBM പ്രവൃത്തി വരെ പൂർത്തീകരിച്ചു. ബിസി. (BC) പ്രവൃത്തികൾ, സൈഡ് കോൺക്രീറ്റിങ്, ഇന്റർലോക്കിങ്, റോഡ് മാർക്കിങ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവയും കി.മി. 0/000 മുതൽ കി.മീ. 0/030 വരെയും കി.മീ 1/730 മുതൽ കി.മീ. 1/785 വരെയുമുള്ള ഭാഗങ്ങളിൽ അഴുക്കുചാൽ നിർമാണവും റോഡ് പ്രവൃത്തികളും പൂർത്തീകരിക്കേണ്ടതുണ്ട്. 90 ശതമാനം പുരോഗതി ഈ സ്ട്രെച്ചിൽ കൈവരിച്ചിട്ടുണ്ട്. സ്ട്രച്ച് 1- കട്ടിക്കുന്ന് പഴയനിരത്ത് റോഡിൽ 15 കലുങ്കുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ഓവുചാലുകളുടെയും, റോഡ് വീതി കൂട്ടുന്നതുമായ പ്രവൃത്തികൾ നടന്നുവരുന്നതുമാണ്. KWA, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 20 ശതമാനം പുരോഗതി ഈ സ്ട്രെച്ചിൽ കൈവരിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്രസ്തുത

പ്രവൃത്തിയുടെ കരാറുകാരൻ പ്രൈസ് എസ്കലേഷൻ ആവശ്യപ്പെട്ട് പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. കൂത്തുപറമ്പ റിങ് റോഡ് പ്രവർത്തി 48 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(3) പൊതുമരാമത്ത് ( ദേശീയ പാത ) വിഭാഗത്തിന് കീഴിൽ കൂത്തുപറമ്പ് മണ്ഡലത്തിൽ കല്ലുവളപ്പ് - പാത്തിക്കൽ മുതൽ കണ്ടിവാതുക്കൽ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തിയ്ക്ക് CRIF പദ്ധതിയിൽ 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി (കിഫ്ബി ഉൾപ്പെടെ) വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** പൊതുമരാമത്ത് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി **അനുബന്ധം 2** ആയി ചേർക്കുന്നു.

**(സി)** പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി (കിഫ്ബി ഉൾപ്പെടെ) വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പാലങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

**1. തുരുത്തിമുക്ക് പാലം ബാലൻസ് പ്രവൃത്തി.**

കണ്ണൂർ ജില്ലയിലെ കിടഞ്ഞി തുരുത്തിമുക്ക് പാലത്തിന് തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതിയും, 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയതുകാരണം പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും, ആയതിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose ചെയ്യുകയും, ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമാണുണ്ടായത്. മൂന്നാമത്തെ ടെൻഡറിലും ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കിഫ്ബിയിൽ നിന്നും 03.01.2025 ന് 17.95 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 19.09.2025 ന് കരാർ വയ്ക്കുകയും പൈലുകളുടെയും പൈൽ ക്യാപ്പുകളുടെയും പിയറുകളുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. മേൽ പ്രവൃത്തി 30.09.2027 നകം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**2. കല്ലാച്ചേരിക്കടവ് പാലം**

പ്രസ്തുത പ്രവർത്തിക്കു 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. കല്ലാച്ചേരിക്കടവ് പാലം നിർമ്മാണത്തിന്റെ 6(1) വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കുകയും 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കൂടാതെ 17.09.2025 ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പാലത്തിന്റെ കണ്ണൂർ ഭാഗത്തെയും, കോഴിക്കോട് ഭാഗത്തെയും ഏറ്റെടുക്കേണ്ട ഭൂമിയുടെ സബ്ഡിവിഷൻ/വ്യക്തിഗത സർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – 1

**കൂത്തുപറമ്പ് മണ്ഡലത്തില് പൊതുമരാമത്ത് നിരത്തു വിഭാഗം മുഖേന നടപ്പിലാക്കിവരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി താഴെ ചേർക്കുന്നു**

| ക്രമ നം | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|
| 1 | Budget 2025-26 Thoovakkunn-Vilakkotur road-Improvements to Thoovvakunn Vilakoottur - Kayalottthazhe road in between ch.0/000 to 0/800 by providing MSS 4143/2025 | മേൽ പ്രവൃത്തിയുടെ ഡ്രെയിനേജ്, കൾവേർട്ട് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ വശങ്ങൾ വീതി കൂട്ടുന്നതിന്റെ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. 2026 നവംബർ 30 ന ഉള്ളിൽ മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 2 | Budget work- 2022-23 – Central Poyiloor-Vilakkotur road Improvements to Central Poyiloor Vilakoottur road in betweench.0/000 to 0/450 by providing MSS | റോഡിന്റെ വശങ്ങൾ വീതി കൂട്ടുന്നതിന്റെ പ്രവൃത്തികളും GSB നിരത്തുന്ന പ്രവൃത്തികളും നടന്ന് കൊണ്ടിരിക്കുന്നു. 2026 നവംബർ 30 ന ഉള്ളിൽ മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 3 | FDR - 2024 - 2025 :Improvement work including BM & BC in Parakkadavu Kadavathur road ch 2/000 to 4/020 in Kuthuparambu LAC in Kannur district | ബസ് ഷെൽട്ടർ പൊളിക്കുന്നതുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് പ്രവൃത്തി താല്ക്കാലികമായി നിർത്തി വച്ചിട്ടാണുള്ളത് |
| 4 | NAVAKERALA SADASS-IMPROVEMENT WORKS-Including BM and BC in VADAKKE POYILOOR-KUZHIKKAL-CENTRAL POYILOOR ROAD CH.5/000-6/700 in Kuthuparambu LAC in Kannur district | മേൽ പ്രവൃത്തിയുടെ GSB, WMM പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 2026 ഡിസംബർ 30 ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 5 | BUDGET 2024-25 Improvement Works Including BM and BC in Vadakke Poyiloor - Kuzhikkal - Central Poyiloor Road in Ch 0/000 to 5/000 in Kuthuparambu LAC in Kannur District 16375/2024 | പ്രസ്തുത പ്രവൃത്തിയുടെ ബിഎം&ബിസി പ്രവൃത്തികൾ പൂർത്തീകരിച്ചു. ഷോൾഡർ കോൺക്രീറ്റ് പ്രവൃത്തികൾ നടന്ന് കൊണ്ടിരിക്കുന്നു. 30/10/2026 ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 6 | Deposit-Reformation of KWA pipe | ഷോൾഡർ കോൺക്രീറ്റ് പ്രവൃത്തികൾ പൂർ |

| | | |
|---|---|---|
| | trench between km 0/400 to 4/751 on Pathipalam-Cheruvanchery road in Kuthuparamba LAC in Kannnur District | ത്തീകരിച്ചു. 30/11/2026 ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 7 | RP-2025-26 Providing BC Overlay In Mutharipeedika Cheruvanchery Road Ch. 0/000 to 6/124 In Koothuparamba LAC In Kannur District- | ഡ്രെയിനേജ് നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. KWA യുടെ റിസ്റ്റോറേഷന് പ്രവൃത്തികൾ ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. ആയതിനാല് KWA പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ BC ഓവർലെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ |
| 8 | RM/2025-26-RC 2- Phase 1- Cluster 2- One Year Running Contract for various PWD Roads under Roads Section Panoor in Kuthuparambu and Thalassery LAC in Kannur District -6 road stretches for a length of 22.640 KM | പ്രസ്തുത പ്രവൃത്തി 50% പൂര്ത്തിയായിട്ടുണ്ട്. 2027 മാര്ച്ച് 7 ന പ്രവൃത്തി പൂർത്തീകരിക്കും |
| 9 | RM/2025-26-RC 2- Phase 1-Cluster 2- One Year Running Contract for various PWD Roads under Roads Section Panoor in Kuthuparambu LAC in Kannur District 7 road stretches for a length of 31.470 KM | പ്രസ്തുത പ്രവൃത്തി 50% പൂർത്തിയായിട്ടുണ്ട്. 2027 മാര്ച്ച് 7 ന പ്രവൃത്തി പൂർത്തീകരിക്കും |
| 10 | GENERAL-Budget work- 2025-2026 Theeradesa road improvement-Pringathur Naluthengu Puliyanambram Theeradesha road from km.0/000 to 0/600-General Civil Work | പ്രസ്തുത പ്രവൃത്തി 60% പൂർത്തിയായിട്ടുണ്ട്. 31.12.2026 ന പ്രവൃത്തി പൂർത്തീകരിക്കും |

## Annexure -2

### പൊതുമരാമത്ത് കെട്ടിട വിഭാഗം  മുഖേന നടപ്പിലാക്കി വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി ചുവടെ ചേർക്കുന്നു.

| Sl. No. | Name of Work | Progress |
|---|---|---|
| 1 | Mini Civil Station Panoor ( Price ID: BL/2020/276) | Civil Work completed. Electronic work in progress |
| 2 | G.Edn-Annual Plan 2017-18 - Govt. U.P School Mokery Kannur. | Land not available hence TS proposal not prepared. |
| 3 | Construction of AEQ Office Kuthuparamba Municipality - General Civil Work. | AS obtained. Estimate not submitted for Ts since the existing building has not demolished by the client. |
| 4 | Mokery Convention Centre - Construction of New Building for  Convention Centre at Mokery | Soil investigation work completed. The structural drawing is awaited. |
| 5 | Construction of Sub Registrar Office Kallikkandkuthuparamba LA. | Work started Pile foundation completed. |
| 6 | Annual Plan 2025-26 - Implementation of Plan Scheme<br><br>Strengthening of Government Analyst Laboratory - Construction of Regional Analytical Lab, Kannur (Phase-II). | TS estimate under scrutiny |
| 7 | Construction of Fire Station Kuthuparamba - Phase - I. | TS estimate under scrutiny |
| 8 | (PWD/BLDG/EST/17560/2024_9_1) GENERAL - Women Gender Complex Near Women’s Hostel at | Work started |

| | | |
|---|---|---|
| | Kuthuparamba – Construction of building Phase – I – Composite Work | |

ഇതിൽ തടസ്സം ഉള്ള പ്രവൃത്തികളുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| Sl. No. | Name of Work | Nature of Hindrance |
|---|---|---|
| 1 | G.Edn-Annual Plan 2017-18 – Govt. U.P School Mokery Kannur. | Land not available hence TS proposal not prepared. |

ആരംഭിച്ച പ്രവൃത്തികളുടെ നിശ്ചിത പൂർത്തീകരണ തീയതി താഴെ പറയും പ്രകാരമാണ്.

| Sl. No. | Name of Work | Date of Completion |
|---|---|---|
| 1 | (PWD/BLDG/EST/17560/2024_9_1) GENERAL – Women Gender Complex Near Women's Hostel at Kuthuparamba – Construction of building Phase – I – Composite Work | 06/08/2027 |
| 2 | Mini Civil Station Panoor ( Price ID: BL/2020/276) | 31/10/2026 |
| 3 | Construction of Sub Registrar Office Kallikkandkuthuparamba LA. | 17/11/2027 |